നം.3251/സി/2020/കെ.എസ്.എച്ച്.ഒ 27/04/2020

# പരിപത്രം

വിഷയം:- സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) - കോവിഡ് 19 - കുടുംബശ്രീയിലെ വാഹനങ്ങളുടെ ഉപയോഗക്രമീകരണം പരിഷ്കരിക്കുന്നത്- സംബന്ധിച്ച്

പരാമർശം:- 14/11/2019 ലെ 13240/ഇ1/2017/കെഎസ്എച്ച്ഒ നമ്പർ സർക്കുലർ

കുടുംബശ്രീ സംസ്ഥാന-ജില്ലാമിഷനുകളിലെ ജീവനക്കാർ (ഡെപ്യൂട്ടേഷൻ/ കരാർ) ഔദ്യോഗിക യാത്രകൾ നടത്തുമ്പോഴും യാത്രാബില്ലുകൾ സമർപ്പിക്കുമ്പോഴും പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്. കുടുംബശ്രീ സംസ്ഥാനമിഷനിൽ നിലവിലെ വാഹനക്രമീകരണങ്ങൾ പ്രകാരം കരാർ വ്യവസ്ഥയിൽ ഓടുന്ന വാഹനങ്ങൾ ഭരണപരമായ സൗകര്യാർത്ഥം പ്രോഗ്രാം ഓഫീസർമാരുടെ നിയന്ത്രണത്തിലാണുള്ളത്. കോവിഡ് 19 രോഗബാധയുടെ പശ്ചാത്തലത്തിൽ ചെലവു ചുരുക്കൽ നയത്തിന്റെ ഭാഗമായും പൊതു ഗതാഗത സൗകര്യത്തിന്റെ അഭാവത്തിൽ ജീവനക്കാരുടെ യാത്രയ്ക്കായി സജ്ജീകരണം നടത്തുന്നതിന്റെ ഭാഗമായും കുടുംബശ്രീ സംസ്ഥാനമിഷനിലെ വാഹന ഉപയോഗം സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഡയറക്ടർ (എ&എഫ്) എന്നിവരുടെ ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങൾ ഒഴികെ കുടുംബശ്രീയ്ക്കായി ഓടുന്ന മറ്റ് വാഹനങ്ങൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നിയന്ത്രണത്തിലാക്കി 'പൂൾ' സംവിധാനത്തിലേയ്ക്ക് മാറ്റുന്നു.

2. ഔദ്യോഗിക ആവശ്യങ്ങൾക്കായി സെക്രട്ടറിയേറ്റ്, മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിലേയ്ക്ക് പോകുവാൻ വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ, വാഹനത്തിൽ ശാരീരിക അകലം പാലിച്ച് ഇരിക്കേണ്ടതും, കോവിഡ് 19 യാത്രാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്.

3. ഔദ്യോഗിക യാത്രയ്ക്കായി വാഹനം ഉപയോഗിക്കുന്നവർ ഒരു മണിക്കൂർ മുമ്പെങ്കിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ അറിയിക്കേണ്ടതും, അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പക്കലുള്ള രജിസ്റ്ററിൽ ആവശ്യം

രേഖപ്പെടുത്തേണ്ടതുമാണ്. വാഹനത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് സെക്യൂരിറ്റി ജീവനക്കാർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നിർദ്ദേശാനുസരണം വാഹനം ലഭ്യമാക്കുന്നതായിരിക്കും.

4. 'പൂൾ' സംവിധാനത്തിലുള്ള ഒരു വാഹനം ഓരോ ദിവസവും കുടുംബശ്രീയിലെ അവസാന ഉദ്യോഗസ്ഥൻ ഓഫീസിൽ നിന്നും മടങ്ങുന്നതു വരെ (പരമാവധി 8 മണി വരെ) ഓഫീസ് ആസ്ഥാനത്ത് തുടരേണ്ടതാണ്. ടി ക്രമീകരണത്തിനായി ഡ്രൈവർമാർക്ക് ഷിഫ്റ്റ് സമ്പ്രദായമുണ്ടായിരിക്കും. നൈറ്റ് ഷിഫ്റ്റിനുള്ള പട്ടിക ആഴ്ച്ച അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഷിഫ്റ്റ് സമ്പ്രദായത്തിൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ടയാൾക്ക് ഡ്യൂട്ടിയ്ക്ക് ഹാജരാകുവാൻ കഴിയാത്ത അടിയന്തര സാഹചര്യം സംജാതമാകുകയാണെങ്കിൽ ടിയാൻ സ്വന്തം നിലയ്ക്ക് കുടുംബശ്രീയിലെ മറ്റേതെങ്കിലും ഡ്രൈവർക്ക് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അനുമതിയോടെ ഡ്യൂട്ടി കൈമാറ്റം ചെയ്യാവുന്നതാണ്.

5. ഇതു സംബന്ധിച്ച തുടർനിർദ്ദേശം ഡ്രൈവർമാർക്കും സെക്യൂരിറ്റി ജീവനക്കാർക്കും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നൽകുന്നതായിരിക്കും.

**ഡയറക്ടർ (എ&എഫ്)**
**സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ**

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും

പകർപ്പ്

വെബ് അഡ്മിനിസ്ട്രേറ്റർ
അധികം/കരുതൽ

വെബ്സൈറ്റ്